<u>പതിമൂന്നാം കേരള നിയമസഭ</u>
<u>എട്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 120

21.3.2013- ൽ
മറുപടിക്ക്

## കയർ മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>,, എ.എം. ആരിഫ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട്. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യം, അടിക്കടിയുണ്ടാവുന്ന വിലവ്യതിയാനം, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ, കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ഇവയൊക്കെ പലപ്പോഴും കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളിയും പ്രതിസന്ധിയുമാണ്. ഇതു പരിഹരിക്കുന്നതിന്റെ ഭാഗമായി തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിച്ചു നടപ്പിലാക്കുകയും, കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി കുറഞ്ഞത് 210 രൂപയായി വർദ്ധിപ്പിച്ച് 120 രൂപവരെ സർക്കാർ വിഹിതമായി നൽകുകയും ചെയ്യുന്നു. ഉല്പന്നമേഖലയിലെ |

| | |
|---|---|
| | കൂലിയും 200-ൽ നിന്ന് 285 ആയും 1.03.2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വൈവിദ്ധ്യ വത്ക്കരണത്തിന്റെ ഭാഗമായും നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. വിപണനം ശക്തമാക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)കയർ മേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (ബി) കയർ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇൻകം സപ്പോർട്ട് സ്കീം സ്വകാര്യ മേഖലയിലെ കയർ തൊഴിലാളികൾക്ക് കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; | (സി) ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഇൻകം സപ്പോർട്ട് സ്കീം സ്വകാര്യമേഖലയിലെ കയർതൊഴിലാളികൾക്കും ബാധകമാണ്. |
| (ഡി) കയർ തൊഴിലാളികളുടെ കുറഞ്ഞ കൂലി 350 രൂപയാക്കി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; | ഡി) കയർപിരി തൊഴിലാളികളുടെ കുറഞ്ഞ കൂലി 210 രൂപയായും, ഉല്പന്ന മേഖലയിലെ കൂലി 200 രൂപയിൽ നിന്ന് 285 രൂപയായും 1.03.2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഇ) വ്യാജമായി കയർസംഘങ്ങൾക്ക് രജിസ്ട്രേഷൻ സംഘടിപ്പിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് പരിശോധിക്കുവാൻ തയ്യാറാകുമോ; വ്യാജസംഘങ്ങളുടെ അംഗീകാരം റദ്ദാക്കുമോ ? | ഇ) വ്യാജമായി കയർ സംഘങ്ങൾക്ക് രജിസ്ട്രേഷൻ സംഘടിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഇതേക്കുറിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ